പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3357 — 24.02.2016-ൽ മറുപടിക്ക്

## കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്

**ചോദ്യം**

ശ്രീ. കെ. ദാസൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി പട്ടണത്തിൽ നിന്ന് കിഴക്കൻ ഉൾനാടൻ മലയോര മേഖലകളിലേയ്ക്ക് ആവശ്യത്തിന് ഗതാഗത സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം താലൂക്ക് ആസ്ഥാനത്ത് എത്തുന്ന ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല.<br>കൊയിലാണ്ടി പട്ടണത്തിൽ നിന്നും കിഴക്കൻ മലയോര മേഖലകളിലേക്ക് കെ.എസ്.ആർ. ടി.സി ഇപ്പോൾ ആവശ്യത്തിന് സർവ്വീസുകൾ നടത്തി വരുന്നുണ്ട്. പുതിയ ബസ് ലഭ്യമാകുന്ന മുറക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി പരിശോധിക്കുന്നതാണ്. |
| (ബി) | കൊയിലാണ്ടി പട്ടണം കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കൊയിലാണ്ടി വഴി നിലവിൽ കോഴിക്കോട് - കണ്ണൂർ റൂട്ടിൽ 20 മിനിട്ട് ഇടവേളകളിൽ കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസുകൾ നടത്തി വരുന്നുണ്ട്. പുറമെ കൊയിലാണ്ടി - താമരശ്ശേരി റൂട്ടിൽ 5 ഷെഡ്യൂളുകളും ചെയിൻ സർവ്വീസായി നടത്തുന്നുണ്ട്. ബസ് ലഭ്യമാകുന്ന മുറക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ